DWCD/1769/2025-ICDSB7

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 15-03-2025
E-Mail:directorate.wcd@kerala.gov.in
dicdsb4@gmail.com
Phone No.0471-2346534

**<u>പരിപത്രം</u>**

വിഷയം: വനിത ശിശുവികസന വകുപ്പ് – ഐസിഡിഎസ് – സംസ്ഥാനത്തെ ഒരു വിഭാഗം അങ്കണവാടി ജീവനക്കാരുടെ അനിശ്ചിതകാല രാപകൽ സത്യാഗ്രഹം - സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച്

സൂചന: 1. 11.05.2011 ലെ സ.ഉ(സാധാ) നം.192/2011/സാക്ഷേവ നമ്പർ ഉത്തരവ്

2. സാമൂഹ്യക്ഷേമ ഡയറക്ടറുടെ 21.05.2004 ലെ ഐ.സ്.ഡി.എസ്/എ-1-24624/03 നമ്പർ ഉത്തരവ്.

3. INTUC ഭാരവാഹികൾ സമർപ്പിച്ച 11-03-2025 ലെ നിവേദനം

സംസ്ഥാനത്തെ ഒരു വിഭാഗം അങ്കണവാടി ജീവനക്കാരുടെ സംഘടനകൾ 2025 മാർച്ച് 17 മുതൽ അനിശ്ചിതകാല രാപകൽ സത്യാഗ്രഹം നടത്തുവാൻ തീരുമാനിച്ചിട്ടുള്ളതായി സൂചന(3) പ്രകാരം അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ചുവടെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സൂചന (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ സമരത്തിൽ ഏർപ്പെടുന്ന ജീവനക്കാർക്ക് ഹോണറേറിയം അനുവദിക്കേണ്ടതില്ല.
2. Mission Saksham Anganwadi and Poshan 2.0 guidelines ലെ Supplementary Nutrition norms പ്രകാരം 6 മാസം മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾക്ക് 500 calorie ഊർജ്ജവും 12-15 gm പ്രോട്ടീനും പ്രതിദിനം പ്രദാനം ചെയ്യുന്ന പോഷകാഹാരം നിഷ്കർഷിച്ചിട്ടുണ്ട് . ദേശീയ ഭക്ഷ്യഭദ്രതാ നിയമം 2013, Supplementary Nutrition rules 2017, എന്നിവയിൽ നിഷ്കർഷിക്കുന്ന പോഷകമൂല്യം ഉറപ്പ് വരുത്തിയാണ് പോഷകാഹാരം അങ്കണവാടികളിലൂടെ നൽകിവരുന്നത്. ആയതിനാൽ തന്നെ അങ്കണവാടി ജീവനക്കാർ സമരത്തിൽ ഏർപ്പെടുന്ന വേളയിൽ ഫീഡിംഗ് ഇന്ററപ്ഷൻ ഉണ്ടാകാതിരിക്കുന്നതിനായി അങ്കണവാടികൾ അടച്ചിടരുത് എന്ന് നിർദ്ദേശം നൽകേണ്ടതാണ്
3. പ്രീ സ്കൂൾ വിദ്യാഭ്യാസം നിഷേധിക്കൽ ഭരണഘടനയിലെ ആർട്ടിക്കിൾ 45 ന്റെ ലംഘനമാണ്. ആയതിനാൽ പ്രീ സ്കൂൾ പഠനം നിലയ്ക്കുന്ന രീതിയിൽ സമരം ചെയ്യുകയാണെങ്കിൽ ജീവനക്കാർക്ക് എതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ് .
4. ദീർഘകാലയളവിൽ സമരം ചെയ്യുകയാണെങ്കിൽ ശിശു വികസന പദ്ധതി ഓഫീസർമാർ സൂചന(2) പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

for വനിത ശിശുവികസന ഡയറക്ടർ

1. എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
3. എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും.
4. സ്റ്റോക്ക് സ്പെയർ